**പതിനാലാം കേരള നിയമസഭ**
**ഒന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ.2189

18.07.2016-ൽ മറുപടിക്ക്

**മുക്കത്ത് ഗവൺമെന്റ് പോളിടെക്നിക്ക് ആരംഭിക്കുവാൻ നടപടി**

| **ചോദ്യം**<br>ശ്രീ. ജോർജ് എം. തോമസ് | **മറുപടി**<br>പ്രൊഫ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ മന്ത്രി) |
|---|---|
| (എ) സർക്കാർ പ്രഖ്യാപിച്ച തിരുവമ്പാടി മണ്ഡലത്തിലെ മുക്കം ഗവൺമെന്റ് പോളിടെക്നിക്ക് ഇതുവരെയും പ്രവർത്തനം ആരംഭിക്കാത്തത് എന്തു കൊണ്ടാണെന്ന് വിശദമാക്കാമോ; | (എ) മുക്കത്ത് സർക്കാർ പോളിടെക്നിക്ക് ആരംഭിക്കുന്നതിനായുള്ള എ.ഐ.സി.റ്റി.ഇ. അംഗീകാരം ലഭിക്കാത്തതിനാലും സ്ഥലമെടുപ്പ് നടപടികൾ പൂർത്തിയാകാത്തതിനാലുമാണ് പ്രവർത്തനം ആരംഭിക്കാത്തത്. |
| (ബി) ഏതെല്ലാം കോഴ്സുകളാണ് നിർദ്ദിഷ്ട മുക്കം ഗവൺമെന്റ് പോളിടെക്നിക്കിൽ ആരംഭിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) 1. സിവിൽ എഞ്ചിനീയറിംഗ്.<br>2. ഇൻസ്ട്രുമെന്റേഷൻ എഞ്ചിനീയറിംഗ്.<br>3. ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗ്. |
| (സി) മുക്കം മുനിസിപ്പാലിറ്റി താത്കാലികമായി കെട്ടിടവും അനുബന്ധ സൗകര്യങ്ങളും ഒരുക്കുകയാണെങ്കിൽ ഈ വർഷം തന്നെ പോളിടെക്നിക്കിന്റെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ? | (സി) എ.ഐ.സി.റ്റി.ഇ.യുടെ അംഗീകാരം ലഭിക്കുകയും സ്ഥലമെടുപ്പ് നടപടികൾ പൂർത്തിയാവുകയും ചെയ്ത ശേഷം മാത്രമേ മുക്കം പോളിടെക്നിക്കിന്റെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ. |

Deepa

സെക്ഷൻ ഓഫീസർ